ഉത്തരം

(എ) 2,35,700 രൂപ.

(ബി) ഉണ്ട്.

(സി) ഇറിഗേഷൻ ചീഫ് എൻജിനീയരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

അത്താണി–പുതുരുത്തി റോഡിലെ പാലം പണിയാൻ നടപടി

1185 [1897] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുള്ള തൃശൂർ ഡിസ്ട്രിക്റ്റിൽപ്പെട്ട അത്താണി-പുതുരുത്തി റോഡിലെ പാലംപണി എന്തായി;

(ബി) ഈ പാലം ഉടനടി പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ എടുക്കുമോ?

ഉത്തരം

(എ) ഈ പണിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പാലം പണിയാരംഭിക്കുന്നതിനുമുൻപ് വളരെയധികം നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. അതിനുശേഷം ആവശ്യമായ തുകയുടെ ലഭ്യതയനുസരിച്ച് മാത്രമേ പണി പൂർത്തിയാക്കാൻ സാദ്ധ്യമാകൂ.

പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡ്

1186 [1898] ശ്രീ. ഈപ്പൻ കണ്ടക്കുടി: താഴെകാണുന്ന ചോദ്യങ്ങൾക്കു മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡിന്റെ പണി എന്തായി;

(ബി) ഈരമുതൽ കൈനടിവരെയുള്ള സ്ഥലത്ത് റോഡിന് ആവശ്യമായ മുഴുവൻ സ്ഥലവും ഫ്രീസറണ്ടർ ചെയ്തിരിക്കുന്നതിനാൽ പണി ഉടനെ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) (1) പള്ളിക്കൂട്ടുമ്മ-പുളിങ്കുന്ന്, (2) പുളിങ്കുന്ന്-കവാലം, (3) കവാലം-കൈനടി, (4) കൈനടി-ഈരക്ഷേത്രം, (5) ഈരക്ഷേത്രം-കറുനാട്ടുവിള എന്നീ അഞ്ച് റീച്ചുകളാണ് പള്ളിക്കൂട്ടുമ്മ-നീലംപേരൂർ റോഡിനുള്ളത്. ഇതിൽ ഒന്നാമത്തേയും അഞ്ചാമത്തേയും റീച്ചുകളുടെ പണി ഏതാണ്ടു പൂർത്തിയായിട്ടുണ്ട്. രണ്ടും മൂന്നും റീച്ചുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിച്ചു കഴിഞ്ഞു. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയാറാക്കിവരുന്നു. നാലാമത്തെ റീച്ചിന്റെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly